LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി- പട്ടികവർഗ്ഗ കുടുംബങ്ങൾക്കുള്ള ധനസഹായം

66(2102) ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 ജൂൺ മുതൽ നാളിതുവരെ തൃശ്ശൂർ നിയോജകമണ്ഡലത്തിൽ എത്ര പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ചികിത്സാ ധനസഹായം, വിദ്യാഭ്യാസ ധനസഹായം എന്നിവ നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ?

2016 ജൂൺ മുതൽ നാളിതുവരെ തൃശ്ശൂർ നിയോജകമണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 226 കുടുംബങ്ങൾക്ക് ചികിത്സാ ധനസഹായവും 7814 കുടുംബങ്ങൾക്ക് വിദ്യാഭ്യാസ ധനസഹായവും നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിലെ ഒരു കുടുംബത്തിന് ചികിത്സാ ധനസഹായവും ഒരു വിദ്യാർത്ഥിക്ക് വിദ്യാഭ്യാസ ധനസഹായവും അനുവദിച്ചിട്ടുണ്ട്.

ചികിത്സാ ധനസഹായ പദ്ധതി

67(2103) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വകുപ്പ് മുഖാന്തരം ഈ വിഭാഗത്തിൽ ഉൾപ്പെടുന്ന രോഗികൾക്ക് തുടർചികിത്സാർത്ഥം അനുവദിക്കുന്ന ചികിത്സാ ധനസഹായ പദ്ധതി സംബന്ധിച്ച വിശദാംശം നൽകാമോ?

മാരകരോഗങ്ങൾ ബാധിച്ചവരും അത്യാഹിതങ്ങളിൽപ്പെട്ടവരുമായ 1,00,000 രൂപയിൽ (ഒരു ലക്ഷം രൂപ മാത്രം) താഴെ വാർഷിക വരുമാനമുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം 50,000/-രൂപ (അമ്പതിനായിരം രൂപ മാത്രം) വരെ ചികിത്സാ ധനസഹായം അനുവദിക്കുന്നുണ്ട്. ഹൃദയ ശസ്ത്രക്രിയ, ക്യാൻസർ, കിഡ്നി തകരാർ മുതലായ ഗുരുതരമായ രോഗങ്ങൾക്ക് പരമാവധി 1,00,000/-രൂപ (ഒരു ലക്ഷം രൂപ മാത്രം) വരെ ആശ്രുപത്രി മുഖാന്തരം നൽകിവരുന്നുണ്ട്.

(ബി) പ്രസ്തുത ധനസഹായത്തിനായി അപേക്ഷിക്കുമ്പോൾ എന്തൊക്കെ രേഖകൾ ഹാജരാക്കണമെന്നറിയിക്കുമോ?

നിശ്ചിത ഫോറത്തിലുള്ള അപേക്ഷയോടൊപ്പം ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, റേഷൻ കാർഡ്, ആധാർ കാർഡ്, ബാങ്ക് അക്കൗണ്ട് പാസ്സ് ബുക്ക് ഇവയുടെ പകർപ്പുകൾ, ചികിത്സാ രേഖകൾ/ഡോക്ടറുടെ മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നീ രേഖകൾ ഹാജരാക്കേണ്ടതാണ്.

(സി) പ്രസ്തുത അപേക്ഷ ആർക്കാണ് നൽകേണ്ടതെന്നും എപ്രകാരമാണ് നൽകേണ്ടതെന്നും വിശദീകരിക്കാമോ?

ആവശ്യമായ രേഖകൾ/സർട്ടിഫിക്കറ്റുകൾ സഹിതം അക്ഷയ കേന്ദ്രങ്ങളിലൂടെ സൗജന്യമായി ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതോടൊപ്പം അക്ഷയ കേന്ദ്രങ്ങളിൽനിന്ന് ലഭിക്കുന്ന പ്രിന്റ് പ്രസ്തുത അപേക്ഷ സഹിതം ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കണം.

(ഡി) എം.എൽ.എ.-മാർ മുഖേന വകുപ്പുമന്ത്രിക്ക് നേരിട്ട് അപേക്ഷ നൽകാമോ?

എം.എൽ.എ.-മാർ മുഖേന വകുപ്പുമന്ത്രിക്ക് നേരിട്ട് അപേക്ഷ നൽകാവുന്നതാണ്. എം.എൽ.എ.മാരുടെ ശിപാർശ സഹിതം ലഭ്യമാകുന്ന ചികിത്സാധനസഹായ അപേക്ഷകൾ ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർ ടി-ഗ്രാന്റ്സ് സെക്ഷൻ മുഖേന ബഹു. വകുപ്പുമന്ത്രിക്ക് അയയ്ക്കുന്നു.

(ഇ) ഒരാൾക്ക് തുടർചികിത്സാർത്ഥം പരമാവധി എത്ര രൂപവരെ അനുവദിക്കുമെന്ന് വിശദമാക്കാമോ?

പരമാവധി ഒരു ലക്ഷം രൂപ വരെ ഒരാൾക്ക് തുടർചികിത്സാർത്ഥം ആശ്രയപദ്ധതി മുഖാന്തരം നൽകിവരുന്നു.

പേരാമ്പ്രയിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ധനസഹായം

68(2104) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ നാളിതുവരെ പേരാമ്പ്ര നിയോജകമണ്ഡലത്തിലെ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് വിദ്യാഭ്യാസ ധനസഹായം, ചികിത്സാ ധനസഹായം എന്നിവ അനുവദിച്ചിട്ടുണ്ടെന്ന് വർഷാടിസ്ഥാനത്തിൽ വിശദമാക്കാമോ?

2016 മുതൽ നാളിതുവരെ പേരാമ്പ്ര നിയോജകമണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് അനുവദിച്ചിട്ടുള്ള വിദ്യാഭ്യാസ ധനസഹായം, ചികിത്സാ ധനസഹായം എന്നിവ അനുബന്ധമായി* ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly